**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരള കാർഷിക സർവകാലശാല വൈസ് ചാൻസലർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, വ്യാജ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് നിയമനം നേടിയത് എന്നാരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ലഭിച്ചിട്ടുണ്ട്. പരാതിയിന്മേലുള്ള കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെ വിശദീകരണം ലഭ്യമായത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നോ നിയമനം നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | സെലക്ഷൻ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർക്ക് നിയമനം നൽകിയത്. |
| (സി) | കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നൽകിയ ബയോഡാറ്റ വിശദമായി പരിശോധിക്കാതെയായിരുന്നു സെലക്ഷൻ കമ്മിറ്റിയുടെ നടപടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന ആരോപണങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താമോ; വിശദമാക്കാമോ? | (ഡി) | കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന ആരോപണങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ